# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം:- ആ.വ.ഡ. – ജീവനക്കാര്യം – പ്രവേശന കാലാവധി ദീർഘിപ്പിച്ച നൽകിയതിനുശേഷം അസിസ്റ്റന്റ് സർജനായി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- 1) ഉത്തരവ് നം. ഇ.എ 3-2863/2020/ആ.വ.ഡ, തീയതി 16-01-2020
2) നം. എ 3/54/2021/ആ.ക.വ, തീയതി 23-03-2021

## ഉത്തരവ് നം. ഇ.എ 3-2863/2020/ആ.വ.ഡ. തീയതി 14-06-2021

Dr. Badarul Muneer.A, Pookkunnath House, Kottukkara, Kondotty, Malappuram-673638-ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയിൽ അസിസ്റ്റന്റ് സർജനായി പരാമർശം (1) പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും ടിയാളുടെ അപേക്ഷ പ്രകാരം പ്രവേശന കാലാവധി ദീർഘിപ്പിച്ച നൽകിയിരുന്നു. എന്നാൽ പ്രവേശന കാലാവധി വീണ്ടും ദീർഘിപ്പിക്കുന്നതിനായി ഡോ. ബദറുൽ മുനീർ.എ സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം സർക്കാർ നിരസിച്ചിരിക്കുന്നതിനാൽ ഡോ. ബദറുൽ മുനീർ–നെ **അപ്പപ്പാറ കുടുംബാരോഗ്യ കേന്ദ്രം, വയനാട്** നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാൾ 21-06-2021 തീയതിയ്ക്കകം അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം വയനാട് ജില്ലാ മെഡിക്കൽ ആഫീസർ മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി. കൃത്യമായും അയച്ച തരേണ്ടതാണ്.

(ഒപ്പ്)
**ഡോ. ആർ.രമേഷ്**
**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

Dr. Badarul Muneer.A,
Pookkunnath House, Kottukkara, Kondotty, Malappuram-673638

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), വയനാട്

   (ഡോ. ബദറുൽ മുനീർ-ന്റെ തിരിച്ചറിയൽ രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്.)

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്, കുടുംബാരോഗ്യ കേന്ദ്രം, അപ്പപ്പാറ

   (ടിയാളുടെ സേവന വിവരങ്ങൾ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്)

4. ഫയൽ / കരുതൽ ഫയൽ

**//ഉത്തരവിൻ പ്രകാരം//**

**സീനിയർ സൂപ്രണ്ട്**

SS-16-06-2021